**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4643 | 13.11.2019 ൽ മറുപടിയ്ക്ക്

**പുതുതായി അനുവദിച്ച ഐ.ടി.ഐ.കൾ**

| ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ : | ഉത്തരം<br>ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി അനുവദിച്ച ഐ.ടി.ഐ.കൾ ഏതൊക്കെയാണെന്നും ഇവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തൊക്കെ കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ? | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വാമനപുരം, വർക്കല, കൊട്ടാരക്കര, ചടയമംഗലം, മയ്യനാട്, ചിത്തിരപുരം, അങ്കമാലി-ഇറവൂർ, പെരുമാട്ടി, പേരാമ്പ്ര, ചാത്തമംഗലം, വെള്ളമുണ്ട, പിണറായി, പന്ന്യന്നൂർ, പടിയൂർ, കോടോം-ബേളൂർ, കുറ്റിക്കോൽ, പീലിക്കോട് എന്നിവിടങ്ങളിലായി 17 ഐ.ടി.ഐ.കൾ പുതിയതായി അനുവദിച്ചിട്ടുണ്ട്.<br>മേൽപ്പറഞ്ഞവയിൽ പെരുമാട്ടി, പേരാമ്പ്ര, പന്ന്യന്നൂർ, വെള്ളമുണ്ട എന്നീ ഐ.ടി.ഐകൾ ഒഴികെയുള്ളവയ്ക്ക് സ്വന്തമായി ഭൂമി ലഭ്യമാക്കുന്നതിലേയ്ക്കായി നടപടികൾ സ്വീകരിച്ചു വരുന്നു. സ്ഥലം ലഭ്യമായ ഐ.ടി.ഐകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വീകരിച്ച നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>i) പെരുമാട്ടി - കെട്ടിടനിർമ്മാണത്തിനായി 6.55 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>i) പേരാമ്പ്ര, പന്ന്യന്നൂർ, വെള്ളമുണ്ട, ഐ.ടി.ഐ.കളുടെ കെട്ടിടനിർമ്മാണത്തിനുള്ള മാസ്റ്റർ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ